(25) കണ്ടശ്ശാംകടവ് ഹൈസ്ക്കൂൾ നശിപ്പിച്ച സംഭവം

ശ്രീ. മുരളി പെരുനെല്ലി : കേരളത്തിന്റെ സാമൂഹ്യ മാറ്റത്തിന് അടിസ്ഥാന ശില പാകിയ 1957-ലെ ഇ.എം.എസ്. മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന മഹാനായ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ നാമധേയത്തിലുള്ള മണലൂർ മണ്ഡലത്തിലെ കണ്ടശ്ശാംകടവ് സർക്കാർ ഹൈസ്കൂളിന്റെ ഓഫീസും ക്ലാസ് റൂമുകളും കഴിഞ്ഞ ഡിസംബർ 21-ന് രാത്രി തീവച്ച് നശിപ്പിച്ചിരിക്കുന്നു. ഈ വർഷം 100 ശതമാനം റിസൽട്ട് നേടിയ സർക്കാർ ഹൈസ്കൂളാണിത്. ഓഫീസിലെ ലാപ്ടോപ്, മൈക്ക്, ക്യാമറ, അതുപോലെ വിതരണം ചെയ്തിട്ട് ബാക്കിയുള്ള പാഠപുസ്തകങ്ങൾ എന്നിവ തീവച്ച് നശിപ്പിച്ചിരിക്കുകയാണ്. അറിവിന്റെ അഗ്നി പകർന്നുകൊടുക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തെ ചാമ്പലാക്കിയ ആരായാലും അവർ മാപ്പർഹിക്കുന്നില്ല. അതുകൊണ്ട് അടിയന്തരമായി കുറ്റക്കാരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ബഹുമാനപ്പെട്ട അംഗം. മുരളി പെരുനെല്ലി പറഞ്ഞ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സംഭവവുമായി ബന്ധപ്പെട്ട് സ്കൂൾ ഹെഡ്മാസ്റ്ററുടെ പരാതിപ്രകാരം ക്രൈം 926/2010-ാം നമ്പരായി അന്തിക്കാട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഫിംഗർ പ്രിന്റ് വിദഗ്ദ്ധരുടെയും സയന്റിഫിക് അസിസ്റ്റന്റിന്റെയും സേവനം ഉപയോഗപ്പെടുത്തി ശാസ്ത്രീയമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നിരവധി പേരെ ചോദ്യം ചെയ്യുകയും പ്രതികളെ കണ്ടുപിടിക്കുന്നതിനുള്ള നടപടി ഊർജ്ജിതമായി ആരംഭിച്ചിട്ടുമുണ്ട്. ജില്ലാ പോലീസ് സൂപ്രണ്ട് സംഭവസ്ഥലം സന്ദർശിക്കുകയും കേസ്സന്വേഷണം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രതികളെ പിടികൂടുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നതാണ്.

(26) താലൂക്ക് ആശുപത്രിയിൽ കോൾപ്പോസ്കോപ്പി പരിശോധന

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, കേരളത്തിലെ താലൂക്ക് ആശുപത്രികളിൽ കോൾപ്പോസ്കോപ്പി പരിശോധന നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു സബ്മിഷനാണ് ഇത്. ഈയിടെ മലബാർ ക്യാൻസർ കെയർ സൊസൈറ്റിയും ഗൈനക്കോളജിക്കൽ സൊസൈറ്റിയും സംഘടിപ്പിച്ച ശിൽപ്പശാലയിൽ ഗർഭാശയ ക്യാൻസർ ബാധിച്ച് മരിക്കുന്നവരിൽ നാലിലൊന്ന് ഇൻഡ്യക്കാരാണെന്ന് ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ക്യാൻസർ സ്ക്രീനിംഗ് മേധാവി ഡോ. ആർ. ശങ്കരനാരായണൻ പറയുകയുണ്ടായി. ഇൻഡ്യയിൽ ഒരു വർഷം 80,000-ഓളം ആളുകൾ മരിക്കുന്നുണ്ട്. ഒരു വർഷം 1.3 ലക്ഷം കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത് സംബന്ധിച്ച് വാക്സിനുണ്ട് അതുപോലെതന്നെ കോൾപ്പോസ്കോപ്പി

LIBRARY ARCHIVES Kerala Legislative Assembly

പരിശോധനയിലൂടെ ഇത് കണ്ടെത്തി ചികിത്സിക്കാൻ കഴിയുന്നതാണ്. മുപ്പതുവയസ്സിനും അൻപത്തിയൊൻപത് വയസ്സിനുമിടയിലുള്ള കാലയളവിൽ ഒരു തവണ ഈ പരിശോധന സ്ത്രീകളിൽ നിർബന്ധമാക്കുകയാണെങ്കിൽ ഇത്തരം ക്യാൻസർ കണ്ടെത്താനും ചികിത്സിക്കാനും കഴിയും. പക്ഷെ ഇത് പരിശോധിക്കാൻ ആവശ്യമായ ആധുനിക സൗകര്യം നമ്മുടെ താലൂക്ക് ആശുപത്രികളിലില്ല. നിർബന്ധമായും ഇത് കേരളത്തിലെ ആശുപത്രികളിൽ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ച് ജനങ്ങളെ മാരക രോഗത്തിൽ നിന്ന് രക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, ആരോഗ്യവകുപ്പിലെ ജില്ല/ജനറൽ/താലൂക്ക്/ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലെ ഗൈനക്കോളജി വിഭാഗങ്ങളിലൂടെ ഗർഭാശയഗള ക്യാൻസർ കണ്ടെത്തുന്നതിന് സ്ക്രീനിംഗിന്റെ ഭാഗമായി ഇപ്പോൾ പാപ്സ്മിയർ ടെസ്റ്റ് നടത്തിവരുന്നു. ഫീൽഡ്തല ക്യാൻസർ നിർണ്ണയ ക്യാമ്പുകളിലും ലളിതവും ചെലവുകുറഞ്ഞതുമായ മേൽപ്പറഞ്ഞ പാപ്സ്മിയർ ടെസ്റ്റ് നടത്തുന്നുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും അനുബന്ധ ആശുപത്രികളിലും ഗർഭാശയ സംബന്ധമായ അസുഖങ്ങളുമായി എത്തുന്ന രോഗികളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും സംശയകരമായ കേസ്സുകളിൽ സ്മിയർ എടുത്ത് കൂടുതൽ പരിശോധനയ്ക്കായി ആർ.സി.സി.-യിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലുള്ള ഡോക്ടർമാരും പബ്ലിക് ഹെൽത്ത് സ്റ്റാഫും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുമുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ചില ആശുപത്രികളിൽ ഇപ്പോൾ കോൾപ്പോസ്കോപ്പി സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. ഇത് ചെലവേറിയ സംവിധാനമാണ്. ഡോക്ടർമാർക്ക് പ്രത്യേക പരിശീലനവും ആവശ്യമാണ്. താലൂക്കുതലം വരെയുള്ള ആശുപത്രികളിൽ കോൾപ്പോസ്കോപ്പി പരിശോധന നിർബന്ധമാക്കുന്ന കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

(27) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ

ശ്രീ. പി. വിശ്വൻ : സർ, കൊയിലാണ്ടിയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഞാൻ പലപ്പോഴായി സഭയിലുയർത്തിക്കൊണ്ടു വന്നിരുന്നു. 30 കിലോമീറ്റർ കടലോരം, 32 കിലോമീറ്റർ നാഷണൽ ഹൈവേ, കാപ്പാട്, ഇരിഞ്ഞൽ പോലെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ഫിഷിംഗ് ഹാർബർ, താലൂക്ക് കേന്ദ്രം ഇതിന്റെ പ്രാധാന്യമൊക്കെ പലപ്പോഴായി ഞാൻ പറഞ്ഞിട്ടുണ്ട്. പത്താം കേരള നിയമസഭയിൽ 2001-ലെ ബഡ്ജറ്റിൽ ഇത് വന്നിരുന്നു. ആ പ്രാവശ്യം മൂന്നുതവണ ഞാൻ ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ വീണ്ടും ആവശ്യപ്പെട്ടു. നാട്ടുകാർ എന്നെ അടിച്ചുകൊല്ലാതിരിക്കില്ല. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ കേന്ദ്രമാണ്. എന്തെങ്കിലും ആപത്തുവന്നാൽ ആരാണ് നോക്കാനുള്ളത്. അതിനാൽ കൊയിലാണ്ടിയിൽ ഒരു ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly